DESPATCHED
On.27/10/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 625(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 8430/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഒക്ടോബർ 22

ശ്രീ. എം. ഹാഷിം,
മാച്ചാണ്ടയിൽ,
എ.കെ.ജി. നഗർ, ഇടവ പി.ഒ.
തിരുവനന്തപുരം - 695 311. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
ഇടവ വില്ലേജ് ആഫീസ്,
ഇടവ പി.ഒ., തിരുവനന്തപുരം.

2) അപ്പീൽ അധികാരി & തഹസിൽദാർ(ഭൂരേഖ),
താലൂക്ക് ആഫീസ്,
വർക്കല, തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 31/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 06/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15/06/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02/07/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/9/2022, 19/10/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | 22.9.22 ന് ഹാജരായി |
| എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ശ്രീ. എം.ഹാഷിം കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും അപ്പീൽ അധികാരി ടിയാന്റെ അപേക്ഷ തീർപ്പാക്കുന്നതിനുപകരം, അപ്പീൽ അധികാരി വീണ്ടും എസ്.പി.ഐ.ഒ.യ്ക്ക് അപേക്ഷ തീർപ്പാക്കുവാൻ അയയ്ക്കുകയാണുണ്ടായതെന്നും ആയതിനാൽ

ടിയാന്റെ പരാതി പരിഹരിച്ച് എതിർകക്ഷികൾക്കെതിരെ മേൽനടപടികൾ സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 31.08.2021 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാന്റെ വസ്തുസംബന്ധമായ 27.9.2019-ൽ ടിയാൻ തന്നെ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങളാണ്:

i. മേൽപ്പടി അപേക്ഷയിൽ പറയുന്ന ടിയാൻ സമർപ്പിച്ചതായ ഉള്ളടക്കത്തോടെയുള്ള അപേക്ഷ സ്വീകരിച്ച് അതിൽ എടുത്ത നടപടികൾ ആധികാരികമായി വ്യക്തമാക്കണമെന്നും

ii. ടിയാന്റെ അപേക്ഷ സ്വീകരിച്ച് സൃഷ്ടിച്ച ഫയലിന്റെ രണ്ടു ഭാഗങ്ങളായ നോട്ട് ഫയൽ, കറസ്പോണ്ടൻസ് ഫയൽ ഇവയുടെ മുഴുവൻ പേജുകളുടെയും ആധികാരിക പകർപ്പുകൾ ലഭ്യമാക്കണമെന്നും

iii. വർക്കല തഹസിൽദാർ ഓഫീസിലെ (എൽ.ആർ) എച്ച്2-7807/2020 നമ്പരിലുള്ള 8.10.2020, 8.1.2021 തീയതി പ്രകാരം ലഭിച്ച കത്തുകളിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്നും

iv. 31.7.2018-ന് ശേഷം ടിയാൾമാരുടെ ഭൂമിയേയും, ഭവനത്തെയും ബന്ധപ്പെടുത്തി ആർക്കെങ്കിലും എന്തെങ്കിലും രേഖകൾ നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ, ആർക്കെല്ലാം, എന്തെല്ലാം, അടയാള സഹിതം പകർപ്പുകൾ നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 29.09.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 23.10.2021 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ 17.01.2022 -ന് തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ഇടവ വില്ലേജ് ഓഫീസർ 29.09.2021 തീയതി നൽകിയ മറുപടി തൃപ്തികരമല്ല എന്ന് കാണിച്ചാണ് 8.12.2021 തീയതി അപ്പീൽ സമർപ്പിച്ചതെന്നും അപ്പീൽ തീർപ്പാക്കുന്നതിന് കക്ഷിയെ 8.12.2021-ൽ നേരിൽ കേട്ടതിൽ അപ്പീൽ കക്ഷിയുടെ മൊഴി, നികുതി അടച്ച രസീതിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് പി.ഐ.ഒ.യ്ക്ക് നൽകി 2, 3, 6, 9 നമ്പരുകളായി മൊഴിയിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് കക്ഷിക്ക്

വ്യക്തമായ മറുപടി നൽകാൻ പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 01.7.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശാനുസരണം ശ്രീ. ഹാഷിം ടി കാര്യാലയത്തിൽ നിന്നും 24.2.2022-ന് വിശദമായ മറുപടി നൽകിയിരുന്നു എന്നും എന്നാൽ ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയത് തൃപ്തികരമല്ലെന്നും, വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി നൽകി തീർപ്പാക്കുന്നതിനുപകരം ഒന്നാം അപ്പീലധികാരി അപേക്ഷ തീർപ്പാക്കാൻ എസ്.പി.ഐ.ഒ.യ്ക്ക് മടക്കി അയച്ചു എന്നും തുടർന്ന് എസ്.പി.ഐ.ഒ. നൽകിയ മറുപടി തെറ്റായ നിയമ വ്യാഖ്യാനങ്ങളും കോടതിയലക്ഷ്യവും ശുദ്ധകളവുകളും നടത്തിക്കൊണ്ടുള്ളതാണെന്നും ആരോപിച്ചാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയത് തെറ്റാണെന്ന് കാണുന്നു എന്നും ടി കാര്യാലയത്തിലെ ബന്ധപ്പെട്ട രേഖകളെ അടിസ്ഥാനപ്പെടുത്തിയും ടി കാര്യാലയത്തിലും മറ്റ് വില്ലേജാഫീസുകളിലും തുടർന്നു വരുന്ന ആഫീസ് നടപടികളെയും അടിസ്ഥാനപ്പെടുത്തിയുമാണ് 24.2.2022-ൽ മറുപടി നൽകിയിട്ടുള്ളതെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 02.7.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം അപ്പീൽ അധികാരി തീർപ്പാക്കിയ ഉത്തരവിലെ നിർദ്ദേശാനുസരണം എസ്.പി.ഐ.ഒ. വിശദമായ മറുപടി കക്ഷിയ്ക്ക് നൽകിയിട്ടുണ്ടെന്ന് കാട്ടി പ്രസ്തുത മറുപടിയുടെ പകർപ്പും ചേർത്ത് എസ്.പി.ഐ.ഒ. 20.6.2022 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും ശ്രീ. എം. ഹാഷിം കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ വാസ്തവ വിരുദ്ധമാണെന്നും 1-ാം ഇനത്തിന് മറുപടി ലഭ്യമായില്ലെന്നാണ് അവകാശപ്പെടുന്നതെന്നും കക്ഷി സമർപ്പിച്ച അപേക്ഷയിൽ കേസിനാസ്പദമായ വിഷയത്തിൽ ശ്രീമതി. മെഹറുന്നിസ ബഹു. ആറ്റിങ്ങൽ സബ് കോടതിയിൽ എ.എസ്.43/2019-ാം നമ്പരായി ഫയൽ ചെയ്ത അപ്പീൽ നിലനിൽക്കുന്നതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിയില്ലെന്ന വ്യക്തമായ മറുപടി എസ്.പി.ഐ.ഒ. നൽകിയിട്ടുണ്ടെന്നും 2-ാം ചോദ്യത്തിന് വില്ലേജ് ഓഫീസിൽ ഫയൽ സംവിധാന ഇല്ലെന്ന മറുപടി നൽകിയിട്ടുണ്ടെന്നും 3-ാം ഇനത്തിന് അപ്പീൽ നിലനിൽക്കുന്നതിനാൽ തുടർനടപടി കൈക്കൊള്ളാനാകില്ലെന്നുള്ള മറുപടി നൽകിയിട്ടുണ്ടെന്നും 4-ാം ഇനത്തിന് ആർക്കും രേഖകൾ നൽകിയിട്ടില്ലെന്ന് മറുപടി നൽകുകയും ആയത് തെറ്റെന്ന് കാട്ടി അപ്പീലിനൊപ്പം ഹാജരാക്കിയ കരം അടച്ച രസീത് സർക്കാരിലേക്ക് പൈസ അടക്കുമ്പോൾ നൽകുന്ന രസീതാണെന്ന് ഇടവ വില്ലേജിലെ എസ്.പി.ഐ.ഒ.

24.2.2022-ന് മറുപടിയിൽ വിശദീകരിച്ചിട്ടുമുണ്ട്. ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ സത്യസന്ധമായും ആധികാരികമായും സമയപരിധിക്കുള്ളിൽ തന്നെ നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരൻ 27.9.2022-ന് ഫോൺ മുഖേന ഹിയറിംഗിന് ഹാജരായി. സമയബന്ധിതമായി വിവരം ലഭിച്ചില്ലെന്നും ടിയാന് വിവരം നിഷേധിച്ചെന്നും ടിയാൻ പരാതിപ്പെട്ടു. ഹിയറിംഗിനായി പബ്ലിക് ഇൻഫർമേഷൻ ഓഫീസറും ഒന്നാം അപ്പീൽ അധികാരിയും 19.10.2022-ന് നേരിട്ടു കമ്മീഷൻ ഓഫീസിൽ ഹാജരായി. എതിർകക്ഷികളെ നേരിൽ കേട്ട വേളയിൽ ഹർജിക്കാരന് മറുപടി ലഭ്യമാക്കിയ തീയതിയും മറ്റ് വിവരങ്ങളും മനസ്സിലാകുന്നതിന് ഡെസ്പാച്ച് രജിസ്റ്ററും, അനുബന്ധ രേഖകൾ/രജിസ്റ്ററുകൾ ഹാജരാക്കാൻ ഒന്നാം എതിർകക്ഷിയോടും രണ്ടാം എതിർകക്ഷിയോടും കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ കമ്മീഷൻ ഓഫീസിൽ നിന്നും നിരവധി തവണ ഫോൺ വഴി ആവശ്യപ്പെട്ടിട്ടും എസ്.പി.ഐ.ഒ. കമ്മീഷൻ നിർദ്ദേശിച്ച രേഖകൾ കമ്മീഷൻ ഓഫീസിൽ ലഭ്യമാക്കിയില്ല. പിന്നീട് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോടും തിരുവനന്തപുരം ജില്ലാ കളക്ടറോടും എസ്.പി.ഐ.ഒ.യുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയെക്കുറിച്ച് അറിയിക്കുകയുണ്ടായി. രണ്ടു ഓഫീസർമാരുടെയും അടിയന്തിര ഇടപെടലിനെ തുടർന്ന് ആവശ്യപ്പെട്ട രേഖകളും രജിസ്റ്ററുകളും ഒന്നാം എതിർകക്ഷി കമ്മീഷനു മുമ്പാകെ 20.10.2022-ന് ഹാജരാക്കി. സമയബന്ധിതമായി കമ്മീഷൻ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തത് കമ്മീഷൻ അതീവഗൗരവമായി കാണുന്നു. ഒന്നാം എതിർകക്ഷി ഹാജരാക്കിയ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് പരിശോധിച്ചതിൽ 31.8.2021-ലെ അപേക്ഷയ്ക്ക് 29.9.2021-ൽ മറുപടി അയച്ചതായി രേഖപ്പെടുത്തി കാണുന്നു. താമസിച്ചാണ് മറുപടി ലഭിച്ചതെന്ന് കാണിക്കുന്നതിന് ഹർജിക്കാരൻ ഒരു രേഖയും കമ്മീഷനിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ സമയബന്ധിതമായി മറുപടി ലഭിച്ചില്ല എന്ന പരാതി പരിഗണിക്കാൻ നിർവ്വാഹമില്ല. കൂടാതെ ലഭ്യമായ മറുപടി എതിർകക്ഷികൾ നൽകിയതായും കാണുന്നു. ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ടിയാന്റെ പേരും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും രേഖപ്പെടുത്താത്തതിന് കമ്മീഷൻ ടിയാനെ താക്കീത് ചെയ്യുന്നു. സമയബന്ധിതമായി കമ്മീഷൻ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്ത ഒന്നാം എതിർകക്ഷിയുടെ പ്രവൃത്തി കമ്മീഷനോടുള്ള അവഗണനയും അച്ചടക്കരാഹിത്യവുമായി കമ്മീഷൻ കാണുന്നു. ആയതിനാൽ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(2) വകുപ്പുപ്രകാരമുള്ള നടപടി സ്വീകരിക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. കമ്മീഷനോട് അവഹേളനപരമായി പെരുമാറിയ ഒന്നാം എതിർകക്ഷിയായ ഇടവ വില്ലേജ് ഓഫീസറെ അടിയന്തിരമായി ഇപ്പോൾ ജോലി ചെയ്തു കൊണ്ടിരിക്കുന്ന

ഇടവ വില്ലേജ് ഓഫീസിൽ നിന്നും സ്ഥലം മാറ്റുന്നതിന് ഈ ഉത്തരവിന്റെ പകർപ്പ് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കും തിരുവനന്തപുരം ജില്ലാ കളക്ടർക്കും കമ്മീഷൻ സെക്രട്ടറി അയച്ചു കൊടുക്കേണ്ടതാണ്. ആയതു സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് 11.11.2022-നകം കമ്മീഷനെ അറിയിക്കേണ്ടതാണ്.

7. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ മാസം 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി